(ഡി) സർക്കാർ ഫയലിൽ വിയോജന കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

(ഇ) വാങ്ങിയ ആംബുലൻസുകളിൽ 25 എണ്ണം തിരുവനന്തപുരം ജില്ല യിലെ വിവിധ ഭാഗങ്ങളിൽ പ്രവർത്തനക്ഷമമാണ്. ഇവയുടെ വിതരണം സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു. †

ബാക്കിയുള്ള 25 ആംബുലൻസുകൾ ജില്ലാ ആശുപത്രികൾ, പ്രധാനപ്പെട്ട താലൂക്ക് ആശുപത്രികൾ എന്നിവയുമായി ബന്ധപ്പെടുത്തി ഹൈവേകളിൽ ,വിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ആദിവാസി മേഖലയിലെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ്

17 (596) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ ആദിവാസി മേഖലയിൽ ആദിവാസിവി ഭാഗങ്ങൾക്ക് പെട്ടെന്ന് ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കുവാനായി ഒരു സഞ്ച രിക്കുന്ന മെഡിക്കൽ യൂണിറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(ബി) ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) ദേശീയ ആരോഗ്യ ഗ്രാമീണ പദ്ധതിയിൽപ്പെടുത്തി ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ഒരു സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് തുടങ്ങുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു ഫോർവീൽ ഡ്രൈവിംഗ് ജീപ്പ് ലഭ്യമാകുന്ന മുറയ്ക്ക് മെഡിക്കൽ യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതാണ്.

തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

18 (598) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യ ത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പ് തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയി ട്ടുണ്ട് എന്നും ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും അറിയിക്കുമോ ?

† അനുബന്ധം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ.കെ.നായനാർ ഗവൺമെന്റ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മങ്ങാട്ടു പറമ്പിലേക്ക് 57 തസ്തികകൾ കണ്ണൂർ ജില്ലയിലെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഷിഫ്റ്റ് ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും പിന്നീട് 59 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ടി ആശുപത്രിക്കുവേണ്ടി സുനാമി റീഹാബിലിറ്റേഷൻ പദ്ധതിവഴി 3 കോടി രൂപ ചെലവഴിച്ച് പുതിയ ബ്ലോക്ക് നിർമ്മിച്ചു. ഈ ആശുപത്രിയിലേക്കാവശ്യമായ ഉപകരണങ്ങൾക്കും ഫർണിച്ചറുകൾക്കുമായി ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തു. എൻ.ആർ.എച്ച്.എം. മുഖേന 13,61,344 രൂപ അടിസ്ഥാന സൗകര്യവികസനങ്ങൾക്കായും ചെലവഴിച്ചിട്ടുണ്ട്. തളിപ്പറമ്പ് താലൂക്കാശുപത്രിക്കുവേണ്ടി എം.ജി.പി. ഫണ്ട് പ്രകാരം 30,70,791 രൂപയുടെ ആശുപത്രി ഉപകരണങ്ങൾ വാങ്ങി ലഭ്യമാക്കുകയുകയും കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി ഒ.പി. ബ്ലോക്ക്, ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ നിർമ്മാണത്തിനായി 2314786 രൂപ ചെലവാക്കി ഭാഗികമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും 2 കോടി രൂപ ചെലവാക്കി ഈ ആശുപത്രിയുടെ 8 കർട്ടേഴ്സുകളടക്കമുള്ള നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്.

മലപ്പട്ടം പി.എച്ച്.സി.യുടെ വികസനത്തിനായി എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും 2,56,000 രൂപയും മെഡിസിനും ഫർണിച്ചറും വാങ്ങുന്നതിനായി മലപ്പട്ടം ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ടിൽനിന്നും 80,000 രൂപയും അനുവദിച്ചിട്ടുണ്ട്. പരിയാരം പ്രാഥമികാരോഗ്യകേന്ദ്രത്തിന് മെഡിസിനും വികസനപ്രവർത്തനങ്ങൾക്കുമായി ഡി.എച്ച്.എസ്.ൽ നിന്നും 2,10,555 രൂപയും എൻ.ആർ.എച്ച്.എം.വഴി 8,81,623 രൂപയും അനുവദിച്ചിട്ടുണ്ട്. കൊളച്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും ഗ്രാമ പഞ്ചായത്ത് വിഹിതമായും വികസന പ്രവർത്തനത്തിനായി യഥാക്രമം 8,81,623 രൂപ, 36,785 രൂപ എന്നിവ അനുവദിച്ചിട്ടുണ്ട്. ഒടുവള്ളിത്തട്ട് സാമൂഹികാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വികസനത്തിനായി തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ട്പ്രകാരം 26,15,000 രൂപയും എൻ.ആർ.എച്ച്.എം. വഴി 1,76,351 രൂപയും അനുവദിച്ചിട്ടുണ്ട്.

മരുന്നുകളുടെ ലഭ്യത

19 (599) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗവൺമെന്റ് ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?